REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നെടുമ്പാശ്ശേരി ഉൾപ്പെടെ ഏഴ് വിമാനത്താവളങ്ങളിൽ ലോകോത്തര ഇമിഗ്രേഷൻ സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ 'ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം' കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **ഗാസയിൽ വെടി നിർത്തൽ കരാർ ഇസ്രയേലും ഹമാസും അംഗീകരിച്ചു.**
- **കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 570 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.**
- **കൊച്ചി ഡയലോഗ് 2025ന്റെ ആദ്യ പതിപ്പ് വൈകിട്ട് വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ് ഉദ്ഘാടനം ചെയ്യും.**
- **നെയ്യാറ്റിൻകര ഗോപൻ സ്വാമിയുടെ സമാധി തുറന്ന് പരിശോധിക്കാൻ പൊലീസ് നടപടി ആരംഭിച്ചു.**
- **ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോളിൽ ഗോകുലം കേരളക്ക് വീണ്ടും സമനില.**

## വാർത്തകൾ വിശദമായി

നെടുമ്പാശ്ശേരി ഉൾപ്പെടെ ഏഴ് വിമാനത്താവളങ്ങളിൽ യാത്രക്കാർക്ക് ലോകോത്തര ഇമിഗ്രേഷൻ സൗകര്യങ്ങൾ പ്രദാനം ചെയ്യാനും അന്താരാഷ്ട്ര യാത്രകൾ തടസ്സരഹിതവും സുരക്ഷിതവുമാക്കാനും 'ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം' കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉദ്ഘാടനം ചെയ്യും.

നെടുമ്പാശ്ശേരിക്ക് പുറമെ മുംബൈ, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂർ, ഹൈദരാബാദ്, അഹമ്മദാബാദ് വിമാനത്താവളങ്ങളിലാണ് സൗകര്യം ഏർപ്പെടുത്തുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്...............

'ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം' ഉപയോഗപ്പെടുത്തുന്നതിന് അപേക്ഷകർ അവരുടെ വിശദാംശങ്ങൾ പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ftittp.mha.gov.in എന്ന പോർട്ടലിൽ അപ്ലോഡ് ചെയ്തു ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. അപേക്ഷകരുടെ ബയോമെട്രിക് ഡാറ്റ ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസിലോ വിമാനത്താവളത്തിലൂടെ കടന്നുപോകുമ്പോഴോ പിടിച്ചെടുക്കും.

രജിസ്റ്റർ ചെയ്ത യാത്രക്കാർ അവരുടെ എയർലൈൻ ബോർഡിംഗ് പാസ് ഇ-ഗേറ്റിൽ സ്കാൻ ചെയ്യണം, തുടർന്ന് അവരുടെ പാസ്പോർട്ട് സ്കാൻ ചെയ്യണം. എത്തിച്ചേരുന്ന സ്ഥലത്തും പുറപ്പെടുന്ന സ്ഥലങ്ങളിലും ഇ-ഗേറ്റുകളിൽ യാത്രക്കാരുടെ ബയോമെട്രിക്സ് ആധികാരികത ഉറപ്പാക്കും. ഇതു വിജയിച്ചുകഴിഞ്ഞാൽ, ഇ-ഗേറ്റ് സ്വയം തുറക്കുകയും, ഇമിഗ്രേഷൻ ക്ലിയറൻസ് അനുവദിച്ചതായി കണക്കാക്കുകയും ചെയ്യും.

രാജ്യത്തെ 21 പ്രധാന വിമാനത്താവളങ്ങളിൽ ഇത് നടപ്പാക്കുമെന്ന് ആഭ്യന്തര മന്ത്രാലയം പറഞ്ഞു. ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ടെർമിനൽ-3-ൽ കഴിഞ്ഞ വർഷം ജൂണിൽ ഇത് ആരംഭിച്ചിട്ടുണ്ട്.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ പ്രധാന പദ്ധതിയായ സ്റ്റാർട്ടപ്പ് ഇന്ത്യക്ക് ഇന്ന് ഒൻപത് വർഷം പൂർത്തിയായി. സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതി ശക്തമായ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ നിർമ്മിക്കുന്നതിനും ജോലി തേടുന്നവരിൽ നിന്ന് ജോലി സൃഷ്ടിക്കുന്നവരായി ഇന്ത്യയെ മാറ്റുന്നതിനും നിരവധി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഒന്നര ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകളുമായി ഇന്ത്യ ഇന്ന് ലോകത്തെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി മാറിക്കഴിഞ്ഞു. വിവിധ മേഖലകളിൽ നേരിട്ടു 16 ലക്ഷത്തിലധികം തൊഴിലുകൾ സൃഷ്ടിക്കാൻ ഇതുവഴി സാധിച്ചിട്ടുണ്ട്.

✪✪✪

ഒരു വർഷത്തിലധികം നീണ്ട സംഘർഷങ്ങൾക്ക് ഒടുവിൽ ഇസ്രായേലും ഹമാസും ഗാസ വെടിനിർത്തൽ കരാറും ബന്ദികളെ മോചിപ്പിക്കുന്നതിനു കരാറും അംഗീകരിച്ചു. ഖത്തർ പ്രധാനമന്ത്രി മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ അൽ-താനിയുമായി നടത്തിയ കൂടിക്കാഴ്ചകൾക്ക് ശേഷമാണ് ഇരുവിഭാഗവും കരാർ അംഗീകരിച്ചത്. ഞായറാഴ്ച നിലവിൽ വരുന്ന കരാർ 42 ദിവസം നീണ്ടുനിൽക്കും. കരാറിന് അംഗീകാരം നൽകുന്നതിനായി ഇസ്റാഈൽ സുരക്ഷാ മന്ത്രിസഭ ഇന്ന് യോഗം ചേരുമെന്ന് ഇസ്രയേലി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുന്ന കരാറിന്റെ വിശദാംശങ്ങൾ പുറത്തുവന്നിട്ടില്ല. എന്നാൽ, ഇസ്രായേൽ ജയിലുകളിൽ കഴിയുന്ന ഫലസ്തീൻ തടവുകാർക്ക് പകരമായി ഹമാസ് ബന്ദികളാക്കിയ 33 പേരെ ആദ്യ ആറ് ആഴ്ചക്കകം കൈമാറുമെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

നിയുക്ത യുഎസ് പ്രസിഡന്റ് ജോ ബൈഡനും കരാർ സ്ഥിരീകരിച്ചു. ആദ്യഘട്ടത്തിൽ അമേരിക്കൻ ബന്ദികളെ മോചിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

നിർമ്മാണം പൂർത്തിയാക്കിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിന് 570 തസ്തികകൾ സൃഷ്ടിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. നിയമന നടപടികൾ പൂർത്തിയായ ശേഷം അടുത്തഘട്ടമായി അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കും. ഇക്കാര്യം പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ മന്ത്രിസഭ ചുമതലപ്പെടുത്തി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്........

ജലജീവൻ മിഷനു കീഴിൽ താനൂർ ചെറിയമുണ്ടം പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തിക്ക് 43 കോടി 89 ലക്ഷം രൂപയുടെ ടെണ്ടറിന് മന്ത്രിസഭ അംഗീകാരം നൽകി.

ഭാരതപ്പുഴയിൽ നിന്ന് 14 കിലോ മീറ്റർ പൈപ്പിട്ടാണ് പദ്ധതിക്ക് വെള്ളം എത്തിക്കുന്നത്.

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/ വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന

സ്ഥാപനത്തിന് നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കണമെന്ന നിബന്ധനയോടെ മന്ത്രിസഭ പ്രാരംഭാനുമതി നൽകി.

റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരത്തെ സംസ്ഥാനതല ചടങ്ങിൽ ഗവർണ്ണർ രാജേന്ദ്ര അർലേക്കർ അഭിവാദ്യം സ്വീകരിക്കും. മുഖ്യമന്ത്രി പിണറായി വിജയനും ചടങ്ങിൽ പങ്കെടുക്കും. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാർ റിപ്പബ്ലിക് ദിനാഘോഷ ചടങ്ങുകളിൽ പങ്കെടുക്കും.

✪✪✪

കൊച്ചി ഡയലോഗ് 2025ന്റെ ആദ്യ പതിപ്പ് വൈകിട്ട് കൊച്ചിയിൽ വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ് ഉദ്ഘാടനം ചെയ്യും. വിദേശകാര്യ മന്ത്രാലയത്തിന്റെയും കൊച്ചിയിലെ സെൻറർ ഫോർ പബ്ലിക് പോളിസി റിസർച്ച്ന്റെയും സംയുക്താഭിമുഖ്യത്തിലാണ് കൊച്ചി ഡയലോഗ് സംഘടിപ്പിക്കുന്നത്.

ഇന്ത്യയും GCC രാജ്യങ്ങളും തമ്മിലെ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് നയ രൂപീകരണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നവരും, നയതന്ത്രജ്ഞരും വ്യവസായ പ്രമുഖരും മറ്റും രണ്ട് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും.

ഗൾഫ് കോപ്പറേഷൻ കൗൺസിൽ സെക്രട്ടറി ജനറൽ ജാസിം മുഹമ്മദ് അൽ ബുദൈവി പ്രത്യേക പ്രഭാഷണം നടത്തും.

വാണിജ്യം, നിക്ഷേപങ്ങൾ, സമുദ്ര സുരക്ഷ സഹകരണം, ഊർജ സഹകരണം, പ്രവാസി സമൂഹത്തിന്റെ സംഭാവനകൾ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഡയലോഗിൽ ചർച്ചയാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഞായറാഴ്ച പ്രക്ഷേപണം ചെയ്യും. മൻകി ബാത്തിന്റെ 118-ാം പതിപ്പിലേക്ക് ജനങ്ങളുടെ ആശയങ്ങളും നിർദേശങ്ങളും mygov ഓപ്പൺ ഫോറത്തിലോ 1800 11 7800 എന്ന ടോൾഫ്രീ നമ്പറിലോ നാളെ വരെ പങ്കുവയ്ക്കാം.

✪✪✪

നെയ്യാറ്റിൻകര ഗോപൻ സ്വാമിയുടെ സമാധി തുറന്ന് പരിശോധിക്കാൻ പൊലീസ് നടപടി ആരംഭിച്ചു. രാവിലെ പത്ത് മണിക്ക് മുമ്പായി കല്ലറ തുറന്ന് നടപടി പൂർത്തിയാക്കാൻ തീരുമാനം. RDO എത്തിയാൽ ഉടൻ കല്ലറ തുറക്കും.

സ്ഥലത്ത് ഫോറൻസിക് വിദഗ്ധർ ഉൾപ്പെടെയുള്ളവർ എത്തിയിട്ടുണ്ട്. കല്ലറയിലേക്കുള്ള വഴി അടച്ച പൊലീസ് പൊതുജനങ്ങൾക്ക് പ്രവേശനം നിഷേധിച്ചു. സ്ഥലത്ത് കൂടുതൽ പൊലീസിനെ വിന്യസിച്ചിട്ടുണ്ട്.

✪✪✪

ലക്ഷദ്വീപിൽ, സുഹേലി ദ്വീപിന് സമീപം സ്ത്രീകളും കുട്ടികളുമടക്കം നിരവധി പേരുമായി കാണാതായ മത്സ്യബന്ധന ബോട്ട് ഇന്ത്യൻ കോസ്റ്റ് ഗാർഡ് കപ്പൽ രക്ഷപ്പെടുത്തി. കവരത്തിയിൽ നിന്ന് സുഹേലി ദ്വീപിലേക്ക് തീർത്ഥാടനത്തിന് പോയവരായിരുന്നു ബോട്ടിലുണ്ടായിരുന്നത്.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനിൽ നിന്നു ദുരന്ത കോൾ ലഭിച്ചതിനെ തുടർന്ന് തിരച്ചിൽ നടത്തിയ തീരസംരക്ഷണസേന തീര നിരീക്ഷണ സംവിധാനം വഴി ബോട്ട് കണ്ടെത്തുകയായിരുന്നു. 22 സ്ത്രീകളും 23 കുട്ടികളും 9 പുരുഷന്മാരും മൂന്ന് ജീവനക്കാരും ഉൾപ്പെടെ ബോട്ടിലുണ്ടായിരുന്ന 54 പേരെയും രക്ഷപ്പെടുത്തി കവരത്തിയിലേക്ക് കൊണ്ടുപോയി.

✪✪✪

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏഴു മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി പൂർത്തിയായതായി മന്ത്രി ഡോ.R.ബിന്ദു അറിയിച്ചു. കുസാറ്റിൽ നടന്ന ദ്വിദിന ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന്റെ സമാപന ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിവിധ സർവകലാശാലകളുടെ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ബിൽ നാളെ ആരംഭിക്കുന്ന നിയമസഭ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കോൺക്ലേവിൽ ഉയർന്നുവന്ന ആശയങ്ങളെ പ്രയോഗികതലത്തിലേക്ക് മാറ്റുന്നതിന് പോസ്റ് കോൺക്ലേവ് ശില്പശാലകൾ സംഘടിപ്പിക്കും. പാഠ്യപദ്ധതികൾ ആധുനിക ആവശ്യങ്ങൾക്കനുസരിച്ച് നവീകരിക്കുന്നതിന് നിരവധി അധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

മന്ത്രി പി.രാജീവ് സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.

✪✪✪

വിവരാവകാശ നിയമം ഗവൺമെന്റിലേക്ക് പണം വരുത്താൻ മാർഗമായി ഉദ്യോഗസ്ഥർ കാണരുതെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. എ.അബ്ദുൾ ഹക്കീം പറഞ്ഞു.

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലെ അപ്പ്ലറ്റ് അതോറിറ്റി, SPO ഉദ്യോഗസ്ഥർക്കായി നടത്തിയ ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിവരാവകാശ നിയമപ്രകാരം വിവരം നൽകാൻ ഓഫീസർമാർ നിർദ്ദേശിച്ചാൽ അവ നൽകാത്ത സഹകരണ സ്ഥാപനങ്ങളിലും സ്വകാര്യ സംരംഭങ്ങളിലും ഉദ്യോഗസ്ഥർ നേരിട്ടെത്തി രേഖകൾ പിടിച്ചെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. വിവരാവകാശ അപേക്ഷകളിൽ ജീവനും സ്വാതന്ത്ര്യവുമായി ബന്ധമുണ്ടെങ്കിൽ 48 മണിക്കൂറിനകം മറുപടി നൽകണമെന്നും മറ്റ് അപേക്ഷകളിൽ അഞ്ച് ദിവസത്തിനകം നടപടി ആരംഭിച്ചിരിക്കണമെന്നും സംസ്ഥാന വിവരാവകാശ കമ്മീഷണർ നിർദേശം നൽകി.

✪✪✪

കോൺഗ്രസ് നേതാവും മുൻ വൈറ്റില ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ V. ജയകുമാർ അന്തരിച്ചു. അദ്ദേഹത്തിന് 73 വയസ്സായിരുന്നു.

സംസ്ക്കാരം വൈകിട്ട് 5ന് നെട്ടൂർ ശാന്തി വനം ശ്മശാനത്തിൽ നടത്തും.

✪✪✪

ഖോഖോ ലോകകപ്പ് മത്സരത്തിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകൾ മികച്ച വിജയത്തോടെ ക്വർട്ടറിൽ കടന്നു.

ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ത്യൻ പുരുഷ ടീം പെറുവിനെ 38 നെതിരെ 70 സ്കോറിന് തോൽപിച്ചു. ഇന്ത്യൻ വനിതാ ടീം ഇറാനെതിരെ 100 -16 സ്കോറിന് വിജയം നേടി.

✪✪✪

ബംഗളൂരുവിൽ ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോളിൽ ഗോകുലം കേരളക്ക് രണ്ടാം സമനില.

കിക്സ്റ്റാർട്ട് FCക്കെതിരെ നടന്ന എവേ മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ നേടി.

✪✪✪

ISL ഫുട്ബോളിൽ മുഹമ്മദൻ SC ചെന്നൈയിൻ FC മത്സരം സമനിലയിൽ പിരിഞ്ഞു. കൊൽക്കത്തയിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും രണ്ട് വീതം ഗോൾ നേടി.

ഇന്ന് വൈകീട്ട് 7:30 ന് ന്യൂഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പഞ്ചാബ് FC, മുംബൈ സിറ്റിയെ നേരിടും.

✪✪✪

കണ്ണൂർ ജില്ലാ അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി സംഘടിപ്പിക്കുന്ന കണ്ണൂർ പുഷ്പോത്സവം ഇന്ന് ആരംഭിക്കും. പോലീസ് മൈതാനിയിൽ വൈകീട്ട് മന്ത്രി P.പ്രസാദ് ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

......വോയ്സ്.........

12,000 ചതുരശ്ര അടിയിലുള്ള വർണ്ണോദ്യാനമാണ് പോലീസ് മൈതാനിയിൽ സജ്ജമാക്കിയിട്ടുള്ളത്. കേരളത്തിന് പുറമെ ബംഗ്ളൂരു, ഹൈദരാബാദ്, പൂണെ കൊൽക്കത്ത,എന്നിവടങ്ങളില് നിന്നുള്ള ചെടികളും പൂക്കളും മേളയിലുണ്ടാകും. ഒരു ചെടിയിൽ നിന്ന് വിവിധ വർണ്ണങ്ങളിൽ പൂക്കള് വിരിയുന്ന ബൊഗവില്ല,ഓർക്കിഡ്, ആന്തൂറിയം തുടങ്ങി ചെടികളുടെ വൻശേഖരവുമുണ്ട്. ആറളം ഫാം, പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം, കരിമ്പം കൃഷി ഫാം തുടങ്ങി സർക്കാര് അർധ സർക്കാർ പൊതുമേഖല സ്ഥാപാനങ്ങളുടെ 100 ലേറെ സ്റ്റാളുകളാണ് ഒരുക്കിയിട്ടുള്ളത്.

✪✪✪

കോഴിക്കോട് ജില്ലയിൽ BJP പുതുതായി 23 മണ്ഡലം പ്രസിഡന്റുമാരെ പ്രഖ്യാപിച്ചു.

സംഘടനാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ജില്ലയെ മൂന്ന് ജില്ലകളായി വിഭജിച്ചതിന്റെ അടിസ്ഥാനത്തിലാണ് മണ്ഡലം പ്രസിഡന്റുമാരെ പ്രഖ്യാപിച്ചത്.

✪✪✪

മഹിള കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ജെബി മേത്തർ നയിക്കുന്ന സാഹസ് കേരള യാത്ര കണ്ണൂർ ജില്ലയിൽ പര്യടനം തുടരുന്നു.

ഇന്ന് പാപ്പിനിശ്ശേരി, വളപട്ടണം അഴീക്കോട്, പള്ളിക്കുന്ന് , കണ്ണൂർ Caltex എന്നിവിടങ്ങളിൽ യാത്ര പര്യടനം നടത്തും.

✪✪✪

കാട്ടുകൊമ്പൻ പടയപ്പ മൂന്നാറിന് സമീപം അന്തർസംസ്ഥാന പാതയിൽ ഇന്നലെ രാത്രി 11 മണിയോടെ KSRTC ബസ് തടഞ്ഞു. ഏറെ നേരം റോഡിൽ നിന്ന പടയപ്പ ഇടയ്ക്ക് ബസിന് നേരെ പാഞ്ഞടുക്കുകയും ചെയ്തു. ഡ്രൈവർ വാഹനം പിന്നോട്ടെടുത്തതിനാൽ അപകട സാഹചര്യം ഒഴിവായി. കഴിഞ്ഞ

ഏതാനും ദിവസങ്ങളിലായി മൂന്നാർ ടൗണിലും പ്രധാന റോഡുകളിലും ഉൾപ്പെടെ ജനവാസ മേഖലയിൽ തമ്പടിക്കുന്ന പടയപ്പ യാത്രക്കാർക്കും പ്രദേശവാസികൾക്കും വൻ ഭീഷണിയാണ് ഉയർത്തുന്നത്.

✪✪✪

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ പോത്തുകല്ല്, മമ്പാട് പഞ്ചായത്തുകളിലെ ഒൻപതു ഗോത്രവർഗ്ഗ നഗറുകൾ സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷൻ സന്ദർശിച്ചു. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സൺ ഡോ.ജിനു സഖറിയ ഉമ്മന്റെ നേതൃത്വത്തിൽ രണ്ടു ദിവസങ്ങളിലായാണ് സന്ദർശിച്ചത്.

റേഷൻ കാർഡില്ലാത്ത ഇരുട്ടുകുത്തിയിലെ എട്ടു കുടുംബങ്ങൾക്ക് കാർഡ് ലഭ്യമാക്കാനും സഞ്ചരിക്കുന്ന പൊതുവിതരണ സംവിധാനം ഏർപ്പെടുത്താനും കമ്മീഷൻ പൊതുവിതരണ വകുപ്പിന് നിർദേശം നൽകി.

✪✪✪

*News Reader: ഹക്കീം കൂട്ടായി*
*Casual News Reader: സയ്യിദ് അലി ശിഹാബ്*
*Standby: ശരണ്യ രാജൻ*
*DEO: സുബോധ് സി കെ*